# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3999** **20.07.2015-ൽ മറുപടിക്ക്**

## റെയിൽവേ ലെവൽ ക്രോസ്സുകൾ ഉള്ള ദേശീയപാതകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ ദേശീയപാതകളിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് റെയിൽവേ ലെവൽ ക്രോസ്സുകൾ ഉള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) കേരളത്തിലെ ദേശീയപാതകളിൽ നീലേശ്വരം - പള്ളിക്കര, താഴെച്ചൊവ്വ, നടാൽ, കാവിൽപാട്, അങ്ങാടിപ്പുറം എന്നീ സ്ഥലങ്ങളിലാണ് നിലവിൽ റെയിൽവേ ലെവൽ ക്രോസ്സുകൾ ഉള്ളത്. |
| (ബി) ദേശീയപാത 66-ൽ നീലേശ്വരം പള്ളിക്കരയിൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് സ്ഥലം അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;<br><br>(സി) പ്രസ്തുത മേൽപ്പാലത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഉപരിതല മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിക്ക് അനുവാദം ലഭിച്ചിട്ടുണ്ടോ;<br><br>(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;<br><br>(ഇ) പ്രസ്തുത മേൽപ്പാലം നിർമ്മാണം വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ബി), (സി), (ഡി) & (ഇ) ദേശീയപാതാ 66-ൽ നീലേശ്വരം-പള്ളിക്കര റെയിൽവേ മേൽപ്പാല നിർമ്മാണത്തിനുള്ള അലൈൻമെന്റ് പ്ലാൻ അനുമതി ലഭിക്കുകയും സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. 2009-ൽ മേൽപ്പാല നിർമ്മാണത്തിനായി 16.50 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചിട്ടില്ല. ദേശീയപാത 66 നാഷണൽ ഹൈവേ ഡെവലപ്മെന്റ് പ്രോജക്റ്റിന്റെ നാലുവരി പാതാ പദ്ധതിയിൽ ഉൾപ്പെട്ടതായതിനാൽ അലൈൻമെന്റിൽ ചെറിയമാറ്റം വരികയുണ്ടായി ആയതു പ്രകാരമുള്ള സ്ഥലം ഏറ്റെടുക്കേണ്ടതായിവരും. പുതിയ അലൈൻമെന്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ